# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 13

# വാർത്താക്കുറിപ്പ്

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് ( അപ്ലൈഡ് - ബെറ്റർമെൻ്റ് / | സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 27വരെ ഓൺലൈനായി സമർപ്പിക്കാം. പുനർ മൂല്യ നിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപ നിരക്കിലും ഫീസടയ്ക്കണം.

(പി.ആർ.ഒ/39/1097/2021)

2020 നവമ്പറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി മാത്തമാറ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 27വരെ ഓൺലൈനായി സമർപ്പിക്കാം. പുനർ മൂല്യ നിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപ നിരക്കിലും ഫീസടയ്ക്കണം.

(പി.ആർ.ഒ/39/1098/2021)

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് 2021 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ.- സോഷ്യൽ വർക്ക് ഇൻ സിറസബിലിറ്റി സ്റ്റഡീസ് ആൻ്റ് ആക്ഷൻ (2019-2021 ബാച്ച് - സി.എസ്.എസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1099/2021)

സ്കൂൾ ഓഫ് മാനജ്മെൻ്റ് ആൻ്റ് ബിസിനസ് സ്റ്റഡീസ് 2021 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ (സി.എസ്.എസ്, 2019-2021 ബാച്ച്) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1100/2021)

## അപേക്ഷാ തിയതി

നാലാം സെമസ്റ്റർ എം.എ/ എം. എസ് സി / എം.കോം / എം.സി.ജെ./എം.എസ്..ഡബ്ല്യൂ./എം.എച്ച്.എം / എം.എം.എച്ച്/ എം.ടി.എ/എം.റ്റി.റ്റി.എം (സി.എസ്.എസ് - 2018, 2017, 2016 അഡ്മിഷൻസ് - സപ്ലിമെൻ്ററി/ 2015, 2014, 2013 അഡ്മിഷൻ - മേഴ്സിചാൻസ് പരീക്ഷകൾക്ക് നവമ്പർ രണ്ടുതൽ ആറുവരെ പിഴ കൂടാതെയും നവമ്പർ 7,8 തിയതികളിൽ 525 രൂപ പിഴയോട് കൂടിയും നവമ്പർ 9, 10 തിയതികളിൽ 1050 രൂപാ സൂപ്പർ ഫൈനോട് കൂടിയും അപേക്ഷിക്കാം. പേപ്പറൊന്നിന് 45 രൂപ നിരക്കിൽ (ഒരു സെമസ്റ്ററിന് പരമാവധി 210 രൂപാ ) സി.വി.ക്യാംപ് ഫീസും അടയ്ക്കണം.

ഇതു കൂടാതെ, ആദ്യത്തെ തവണ മേഴ്സി ചാൻസായി പരീക്ഷ എഴുതുന്നവർ 5250 രൂപയും രണ്ടാം തവണ മെഴ്സി ചാൻസായി എഴുതുന്നവർ 7350 രൂപയും അവസാനത്തെ മേഴ്സി ചാൻസിൽ പരീക്ഷ എഴുതുന്നവർ | 10500 രൂപയും സ്പെഷൽ ഫീസായി അടയ്ക്കണം.

2017-2018 ബാച്ച് വിദ്യാർത്ഥികൾ സർവ്വകലാശാലയുടെ എക്സാം രജിസ്ട്രേഷൻ പോർട്ടൽ മുഖേനയാണ് അപേക്ഷ നൽകേണ്ടത്. 2017 ന് മുൻപുള്ള ബാച്ച് വിദ്യാർത്ഥികൾ സർവ്വകലാശാലയ്ക്ക് നേരിട്ട് അപേക്ഷ നൽകണം. ഇതു സംബന്ധിച്ച വിശദാംശങ്ങൾ

സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. നിശ്ചിത സമയത്തിനകം ലഭിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(പി.ആർ.ഒ/39/1101/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് കോഴ്സ് 2021 ബാച്ചിൽ എസ്.ടി. വിഭാഗത്തിൽ രണ്ടും എസ്.സി. വിഭാഗത്തിൽ ഒന്നും ഒഴിവുകളുണ്ട്. താല്പര്യമുള്ളവർ ഒക്ടോബർ 20ന് ഉച്ചകഴിഞ്ഞ് 2.30ന് അസൽ രേഖകൾ സഹിതം പഠനവകുപ്പ് ഓഫീസിൽ എത്തണം.

(പി.ആർ.ഒ/39/1102/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (എം.ടി.ടി.എം) പ്രോഗ്രാമിൽ 2021-22 ബാച്ചിൽ എസ് സി വിഭാഗത്തിൽ മൂന്നും എസ് ടി വിഭാഗത്തിൽ ഒന്നും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ള വിദ്യാർഥികൾ അസൽ രേഖകളുമായി ഒക്ടോബർ 20ന് രാവിലെ 11 മണിക്ക് പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732922, 9847700527

(പി.ആർ.ഒ/39/1103/2021)

## സ്പോട് അഡ്മിഷൻ 18ന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർ നാഷണൽ റിലേഷൻസ് ബിരുദാനന്തര ബിരുദ കോഴ്സിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ ഒഴിവുള്ള ഓരോ സീറ്റുകളിലേക്ക് സ്പോട് അഡ്മിഷനുള്ള ഇന്റർവ്യൂ ഒക്ടോബർ 18ന് രാവിലെ 11ന് പഠനവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നടക്കും. താല്പര്യമുള്ളവർ അസൽ യോഗ്യതാ രേഖകളുമായി ഹാജരാകണം.

(പി.ആർ.ഒ/39/1104/2021)

## ത്രിദിന ശില്പശാല 20 മുതൽ

മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ്റെ ആഭിമുഖ്യത്തിൽ 'ഐശ്വര്യത്തോടെ പ്രായമാകാം, അർത്ഥവത്തായി ജീവിക്കാം' എന്ന വിഷയത്തിൽ ത്രിദിന ശില്പശാല നടത്തുന്നു. ഇന്റർനാഷണൽ റ്റി.സി.ഐ. ഫെസിലിറ്റേറ്ററും ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ മുൻ വകുപ്പ് മേധാവിയുമായിരുന്ന ഡോ. തോമസ് എബ്രാഹാം നയിക്കുന്ന ശില്പശാല ഒക്ടോബർ 20 മുതൽ 22 വരെ രാവിലെ 9.30 മുതൽ വൈകീട്ട് 3.30വരെയാണ് നടക്കുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് അവസരം. 300 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. വിശദവിവരത്തിന് ഫോൺ: 8301000560, 9544981839.

(പി.ആർ.ഒ/39/1105/2021)

## പ്രവേശനം 22ന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ 2021-22 അക്കാദമിക വർഷത്തിലെ എം.എ. സോഷ്യൽ വർക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് ആക്ഷൻ കോഴ്സിലേയ്ക്കുള്ള പ്രവേശനം ഒക്ടോബർ 22ന് നടത്തും. ഇതു സംബന്ധിച്ച അറിയിപ്പ് വിദ്യാർഥികൾക്ക് അയച്ചിട്ടുണ്ട്. അഡ്മിഷൻ സംബന്ധിച്ച വിശദവിവരം www.sobs.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731034.

(പി.ആർ.ഒ/39/1106/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഫുഡ് ടെക്നോളജി ആൻ്റ് ക്വാളിറ്റി അഷ്വറൻസ് നടത്തുന്ന എം.എസ് സി - ഫുഡ് സയൻസ് ആൻ്റ് ടെക്നോളജിയുടെ 2021

ബാച്ചിൽ പ്രവേശനത്തിന് എസ്.റ്റി വിഭാഗക്കാർക്കായി സംവരണം ചെയ്ത സീറ്റിൽ ഒരു ഒഴിവുണ്ട്. സർവ്വകലാശാല നടത്തിയ സി.എ.റ്റി - 2021 പരീക്ഷയിൽ യോഗ്യത നേടിയ അ ർഹരായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 21ന് വൈകിട്ട് 3.30ന് മുമ്പ് എ ഡി എ എക്സ് ഐ സെക്ഷനിൽ നേരിട്ട് ഹാജരാകണം. വിശദാംശങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ. ഫോൺ - 9497664697

(പി.ആർ.ഒ/39/1107/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ